# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.99 | 10.12.2012 ൽ മറുപടിയ്ക്ക്

**വികലാംഗരുടെ പി.എസ്.സി നിയമനം**

ചോദ്യം | മറുപടി

ശ്രീ. വി. ശശി | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ വർഷവും എത്ര വികലാംഗർക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) 1.5.2011 മുതൽ 31.10.2012 വരെ ആകെ 611 വികലാംഗർക്ക് 3% സംവരണത്തിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി യിൽ നിന്ന് നിയമന ശുപാർശ നൽകിയിട്ടുണ്ട്. ഇതിൽ ജോലിയിൽ പ്രവേശിച്ചവരുടെ കണക്ക് ശേഖരിച്ച നൽകുന്നതാണ്. |
| (ബി) 1995 ലെ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി ആക്ടിൽ വർഷം തോറും എത്ര വികലാംഗർക്ക് സർവ്വീസിൽ നിയമനം നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) 1995 ലെ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി ആക് പ്രകാരം 3% ഒഴിവുകൾ വികലാംഗ ഉദ്യോഗാർത്ഥികൾക്ക് മാത്രമായി സംവരണം ചെയ്തിട്ടുണ്ട്. |
| (സി) ഈ വ്യവസ്ഥ പാലിക്കാൻ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) വികലാംഗ സംവരണത്തിന് അർഹതയുള്ള തസ്തികകളിൽ 1.1.2008 മുതൽ3% വികലാംഗ സംവരണം പാലിക്കുന്നതിനായി 100 ഒഴിവുകളിൽ 33, 66, 99 എന്നീ സീരിയൽ നമ്പരുകളിൽ വികലാംഗരെ പി.എസ്.സി നിയമനത്തിന് ശുപാർശ ചെയ്തുവരുന്നു. കൂടാതെ, ബാക്ക് ലോഗ് വേക്കൻസികൾ നികത്താനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) പി.എസ്.സി വഴിയല്ലാതെ നിയമനം നടക്കുന്ന വിവിധ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ 1995 ലെ പ്രസ്തുത ആക്ടിലെ വ്യവസ്ഥ പാലിക്കുന്നുണ്ടോ യെന്നറിയിക്കുമോ? | (ഡി) വിവരം ശേഖരിച്ച നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ